ഖാദി ഗ്രാമവ്യവസായം

22(*52) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ വരുമാന പൂരക പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ലഭ്യമാക്കുന്ന വേതനത്തിനു പുറമേ സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക താങ്ങൽ പദ്ധതിയാണ് വരുമാന പൂരക പദ്ധതി. നിലവിൽ പ്രതിദിനം ഒരു തൊഴിലാളിക്ക് 100 രൂപയും നെയ്ത്തു തൊഴിലാളിക്ക് 120 രൂപയും മിനിമം വേതനം ഉറപ്പാക്കുന്നു. കൂടാതെ ഡി.എ.-യും മറ്റാനുകൂല്യങ്ങളും നൽകുന്നു.

(സി) വരുമാന പൂരക പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പേ ചേർക്കുന്ന പ്രകാരം തുക കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

വർഷം	വകയിരുത്തിയ തുക
2010-11	10.00 കോടി രൂപ
2011-12	14.68 കോടി രൂപ
2012-13	20.00 കോടി രൂപ
2013-14	18.00 കോടി രൂപ
2014-15	22.00 കോടി രൂപ

2014-15 വർഷം വരെയുള്ള തുക പൂർണ്ണമായും തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly